ഹയർസെക്കന്ററിഡയറക്ടറുടെ
കാര്യാലയംഹൗസിംഗ്ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

സി.ജി& എ.സി/99264/2017/DHSE

തീയതി :25/06/2018

## സർക്കുലർ

**വിഷയം:** ഹ.സെ.വി-സിജി & എസി.-വനിതാ ശിശു വികസന വകുപ്പ്-ഓ.ആർ.സി ഈ അദ്ധ്യയന വർഷത്തെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്- ആർ.ഡി.ഡി, പ്രിൻസിപ്പാൾ കോ-ഓർഡിനേറ്റർ എന്നിവർക്ക് നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

**സൂചന:** 12/06/2018-ലെ ICPS6(A)2523/18-ാം നമ്പർ വനിതാ ശിശു വികസന ഡയറക്ടർമാരുടെ കത്ത്.

ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഓ.ആർ.സി.) പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വനിതാ ശിശു വികസന ഡയറക്ട്രേറ്റ് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ഈ മാർഗ്ഗ നിർദ്ദേശങ്ങൾ സ്കൂൾ തലത്തിൽ നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ പ്രിൻസിപ്പാൾമാർ കൈ കൊള്ളേണ്ടതാണ്. വിദ്യാർത്ഥി കേന്ദ്രീകൃത പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട വിവധ ചുമതലകൾ വഹിക്കുന്ന അദ്ധ്യാപകർക്ക് ഈ മാർഗ്ഗ നിർദ്ദേശം സംബന്ധിച്ച അറിയിപ്പ് നൽകേണ്ടതുമാണ്.

സ്റ്റേറ്റ് കോ-ഓർഡിനേറ്റർ

ഉള്ളടക്കം

- സൂചന കത്തിന്റെ പകർപ്പ്

CW 8AC/2096/18/DHSE

ICPS 6(A)/2523/18

വനിത ശിശു വികസന ഡയറക്ടറേറ്റ്,
SCPS, പൂജപ്പുര, തിരുവനന്തപുരം
തീയതി : 12.06.2018

വനിത ശിശു വികസന ഡയറക്ടർ,
തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

ഡയറക്ടർ,
ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ്,
തിരുവനന്തപുരം.

ഡയറക്ടർ,
വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ്,
തിരുവനന്തപുരം.

സർ/മാഡം,

വിഷയം : - വനിത ശിശു വികസന വകുപ്പ് - ഐ.സി.പി.എസ്. - ഓ.ആർ.സി.- പദ്ധതിയുടെ ഈ അദ്ധ്യയന വർഷത്തെ പ്രവർത്തനങ്ങൾ സംബന്ധിച്ച്..

സൂചന : - 26.07.2018, 07.05.2018 എന്നീ തീയതികളിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനം.

കുട്ടികളിൽ പലരും നേരിടുന്ന സ്വഭാവ-വൈകാരിക-പഠന-മാനസിക-സാമൂഹിക വെല്ലുവിളികളെ ശാസ്ത്രീയമായി കണ്ടെത്തി പരിഹരിക്കുന്നതിന് രക്ഷിതാക്കളേയും അദ്ധ്യാപകരേയും പൊതുസമൂഹത്തേയും പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ തെരെഞ്ഞെടുത്ത 304 സ്കൂളുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഓ.ആർ.സി). വനിത ശിശു വികസന വകുപ്പിനെ കൂടാതെ വിദ്യാഭ്യാസം, ആരോഗ്യം, ആഭ്യന്തരം, തദ്ദേശസ്വയംഭരണം, എക്സൈസ്, പട്ടികവർഗ്ഗ/പട്ടികജാതി വികസന വകുപ്പ് തുടങ്ങിയ വകുപ്പുകളുടേയും പൊതുസമൂഹത്തിന്റെയും തുല്യ പങ്കാളിത്തതോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്.

വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ഓ.ആർ.സി. സ്കൂൾതല ഇടപെടലുകൾ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ ചർച്ചചെയ്യുന്നതിനായി വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ ചേമ്പറിൽ മേൽസൂചന പ്രകാരം ഓ.ആർ.സി. യോഗം സംഘടിപ്പിച്ചിരുന്നു. ടി ചർച്ചയുടെ പ്രധാന തീരുമാനങ്ങളിലൊന്ന് ഓ.ആർ.സി. വിദ്യാർത്ഥിയെ അറിയാൻ കാർഡിലൂടെ വിവിധതരത്തിലുള്ള സ്വഭാവ - വൈകാരിക - പഠന - മാനസിക - ശാരീരിക - സാമൂഹ്യ വെല്ലുവിളികൾ നേരിടുന്ന നിലയിൽ കണ്ടെത്തിയിട്ടുള്ള കുട്ടികൾക്ക് ഓ.ആർ.സി. പദ്ധതിയിലൂടെ വിദഗ്ദ്ധപരിചരണം ഉറപ്പാക്കുക എന്നതായിരുന്നു. ടി യോഗത്തിന്റെ മറ്റു തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

- എല്ലാ ഓ.ആർ.സി. സ്കൂളുകളിലും (ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗങ്ങളൊട്ടാകെ ഉൾപ്പെടുത്തികൊണ്ട്) ഒരു ഓ.ആർ.സി. കോർടീം (സ്കൂൾ തലവൻമാർ, നോഡൽ ടീച്ചർ, സ്കൂൾ കൗൺസിലർ, സ്കൂൾ ഹെൽത്ത് നഴ്സ്, പി.ടി.എ. പ്രതിനിധി, സ്റ്റാഫ് സെക്രട്ടറി/സീനിയർ അസിസ്റ്റന്റ്,) കഴിഞ്ഞ അദ്ധ്യയന വർഷം രൂപീകരിച്ചിട്ടുണ്ട്. ടി കോർടീം അംഗങ്ങളിൽ നോഡൽ ടീച്ചർ ട്രാൻസ്ഫർ ആയിട്ടുള്ള സ്കൂളുകളിൽ പകരം കഴിവും അഭിരുചിയും താല്പര്യവുമുള്ള ഒരു അദ്ധ്യാപകനെ/അദ്ധ്യാപികയെ കണ്ടെത്തി ഓ.ആർ.സി. നോഡൽ ടീച്ചറായി നിയോഗിക്കേണ്ടതാണ്. നോഡൽ ടീച്ചറായി പ്രവർത്തിയ്ക്കുന്ന അദ്ധ്യാപകർക്ക്

ഹോണറേറിയം ലഭിക്കുന്നതല്ല. ഓ.ആർ.സി. പദ്ധതി നടപ്പിലാക്കി വരുന്ന സ്കൂളുകളിലെ ഹയർസെക്കന്ററി വകുപ്പിനു കീഴിലുള്ള സൗഹൃദക്ലബ്ബ് കോർഡിനേറ്റർ, വൊക്കേഷണൽ ഹയർസെക്കന്ററി വകുപ്പിനു കീഴിലുള്ള കരിയർ കോർഡിനേറ്റർ, എസ്.പി.സി.യുടെ കമ്മ്യൂണിറ്റി പോലീസ് ഓഫീസർ എന്നിവരെ കൂടി കോർടീമിൽ ഉൾപ്പെടുത്തേണ്ടതാണ്. മേൽസൂചിപ്പിച്ച പ്രകാരമുള്ള ഘടനയിൽ പദ്ധതി നടപ്പിലാക്കുന്ന എല്ലാ സ്കൂളുകളിലും ജൂൺ മാസം 25 നു മുമ്പായി കോർടീം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

- എല്ലാ ജില്ലകളിലും ഓ.ആർ.സി. സ്കൂളുകളിലെ കോർടീമംഗങ്ങളെ മുഴുവനായും പങ്കെടുപ്പിച്ചുകൊണ്ട് ദ്വിദിന ജില്ലാതല ശില്പശാല ജൂലൈയ് മാസം ആദ്യത്തെ ആഴ്ചകളിലായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും കോർടീം പരിശീലന പരിപാടി ജില്ലാതലത്തിൽ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നതുമാണ്.
- പദ്ധതി നടപ്പിലാക്കുന്ന എല്ലാ സ്കൂളുകളിലും പോലീസിന്റെ സഹായത്തോടെ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതും ടി ഗ്രൂപ്പിലെ അംഗങ്ങൾക്കായുള്ള അർദ്ധദിന ശില്പശാല ജൂൺ മാസത്തിലെ മൂന്നാമത്തെ ആഴ്ചയിൽ സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.
- മെന്ററിംഗ് - പ്രത്യേക ശ്രദ്ധയും പരിചരണവും ആവശ്യമായ കുട്ടികളിൽ സഹരക്ഷാകർത്തൃത്വം ആവശ്യമുള്ള കുട്ടികൾക്ക് മെന്റർമാരെ കണ്ടെത്തി പിന്തുണ ഉറപ്പാക്കേതുണ്ട്. ആയതിനാൽ ജില്ലയിൽ പദ്ധതിയ്ക്കായി തെരെഞ്ഞെടുക്കപ്പെട്ട ഓരോ സ്കൂളിനും 5 മെന്റർമാരെ വീതം സ്കൂൾതലത്തിൽ ജൂൺ മാസം 30 ന് മുമ്പായി കണ്ടെത്തി മെന്റർമാരുടെ സെലക്ഷൻ പ്രവർത്തനം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. മെന്റർമാരുടെ സെലക്ഷൻ സംബന്ധിച്ച അനുബന്ധം ഉള്ളടക്കം ചെയ്യുന്നു.

പ്രസ്തുത പ്രവർത്തനങ്ങൾ ജില്ലയിൽ കോർഡിനേറ്റ് ചെയ്യുന്നതിനായി ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ കീഴിൽ ഓരോ ജില്ലയിലും ഓ.ആർ.സി. പ്രോജക്ട് അസിസ്റ്റന്റ്/സൈക്കോളജിസ്റ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് താങ്കളുടെ വകുപ്പിലെ ജില്ല/മേഖലാതല ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നതിനും അതോടൊപ്പം പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകളുകൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിയ്ക്കുന്നു.

(ഒപ്പ്)
വനിത ശിശു വികസന ഡയറക്ടർ

അംഗീകാരത്തോടെ,

SAJI
ADMINISTRATIVE OFFICER
INTEGRATED CHILD PROTECTION SCHEME
WOMEN & CHILD DEVELOPMENT DEPARTMENT
THIRUVANANTHAPURAM

അനുബന്ധം

## ഓ.ആർ.സി. പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകളിൽ മെന്റർമാരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ

1. സ്കൂൾ കോർടീമിന്റെ പങ്കാളിത്തതോടു കൂടി മെന്റർമാരായി പ്രവർത്തിക്കാൻ താല്പര്യമുള്ളവരുടെ സ്കൂൾതല പ്രാഥമിക പട്ടിക തയ്യാറാക്കണം. സ്കൂൾതല പ്രാഥമിക ലിസ്റ്റിൽ 10 പേരെങ്കിലും ഉൾപ്പെട്ടിരിക്കണം. പൊതുസമ്മതനും ഓ.ആർ.സി. പ്രവർത്തനങ്ങൾക്കായി ആഴ്ചയിൽ ഒരു മണിക്കൂറെങ്കിലും നീക്കിവയ്ക്കാൻ സാധിക്കുന്നവരുമായിരിക്കണം ഇവർ. ടി ലിസ്റ്റിൽ നിന്നും കോർടീം തീരുമാനിക്കുന്ന കഴിവും അഭിരുചിയും സന്നദ്ധതയും കാര്യശേഷിയും ഉന്നതമൂല്യങ്ങൾ വച്ചു പുലർത്തുന്നവരുമായ അനുയോജ്യരായ 5 പേരെ മെന്റർമാരായി വികസിപ്പിച്ചെടുക്കേണ്ടതാണ്. മെന്റർമാരായി ഉൾപ്പെടുത്താൻ സാധിക്കാത്തവരെ ഓ.ആർ.സി.യുടെ സന്നദ്ധപ്രവർത്തകരായി സ്കൂൾ/ജില്ലാതല പരിപാടികളിൽ പങ്കെടുപ്പിക്കേണ്ടതാണ്. വിവിധ മാർഗ്ഗങ്ങളിലൂടെ അനുയോജ്യരായ മെൻർമാരെ കണ്ടെത്തുന്നതിനും സ്കൂൾതല ലിസ്റ്റ് തയ്യാറാക്കുന്നതിനും ഓ.ആർ.സി. ജീവനക്കാരുടെ പിന്തുണ ലഭ്യമാകുന്നതാണ്.
2. പ്രാഥമിക ലിസ്റ്റ് തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

   - ഓ.ആർ.സി. മെന്ററിംഗ് തീർത്തും ഒരു സന്നദ്ധ പ്രവർത്തനമായിരിക്കും.
   - തെരെഞ്ഞെടുക്കുന്ന വ്യക്തിയ്ക്ക് 30 വയസ്സെങ്കിലും പ്രായമുണ്ടായിരിക്കണം. പ്രത്യേക സാഹചര്യത്തിൽ കോർടീമിന് പ്രായപരിധിയിൽ തീരുമാനം കൈകൊള്ളാവുന്നതാണ്.
   - സ്കൂളുമായി നിരന്തരം ബന്ധം പുലർത്താൻ സാധിക്കുന്ന വിരമിച്ച അദ്ധ്യാപകർ, പൊതുപ്രവർത്തകർ, മറ്റു സന്നദ്ധ പ്രവർത്തകർ, സ്കൂളിലെ തന്നെ അദ്ധ്യാപകർ തുടങ്ങിയവരെ ലിസ്റ്റിലേയ്ക്ക് പരിഗണിയ്ക്കാവുന്നതാണ്.
   - മെന്റർമാരെ കണ്ടെത്തുന്നതിനായി പത്രങ്ങൾ, സാമൂഹിക മാധ്യമങ്ങൾ തുടങ്ങിയ മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്.
   - മെന്റർമാരായി തെരെഞ്ഞെടുക്കപ്പെടുന്നവർ പോലീസ് കേസ്സുകളിലോ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിലോ ഏർപ്പെട്ടിട്ടുള്ള വ്യക്തിയല്ലയെന്ന് ഉറപ്പാക്കേണ്ടതാണ്.
   - സ്കൂൾതല മെന്റർമാരുടെ ലിസ്റ്റ് പൂർത്തീകരിക്കുന്നതിനെ തുടർന്ന് ജില്ലാതലത്തിൽ മെന്ററിംഗ് പരിശീലനം ഓ.ആർ.സി.യുടെ നേതൃത്വത്തിൽ ഏർപ്പെടുത്തുന്നതാണ്.
   - മെന്ററിംഗിനായി അനുവദിക്കപ്പെടുന്ന കുട്ടികളെ രണ്ടാഴ്ചയിലൊരിക്കലെങ്കിലും മെന്റർ സ്കൂളുകളിൽ വച്ച് കോർടീമിന്റെ സാന്നിദ്ധ്യത്തിൽ കാണുകയും കുട്ടിയ്ക്ക് ആവശ്യമായ പരിചരണം ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.